# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനകാര്യം (G) വിഭാഗം

നം: EG3/32792/20/ഡി.ടി.ഇ                തിരുവനന്തപുരം , തീയതി: 28.12.2020

---

വായന:-1. സർക്കുലർ നമ്പർ EG3/26914/14/DTE തീയതി 23.09.2014.

2. കേരളാ പി എസ് സി മലപ്പുറം ജില്ലാ പി എസ് സി ഓഫീസറുടെ 19.08.2017 ലെ MR II (2) 6196/02 നമ്പർ നിയമന ശുപാർശ.

3. ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA No. 1409/2016 സംബന്ധിച്ച് പുറപ്പെടുവിച്ച 12.02.2020 ലെ വിധിന്യായം.

4. കേരളാ പി എസ് സി മലപ്പുറം ജില്ലാ ഓഫീസറുടെ 22.10.2020 ലെ MR II (2) 6196/02 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഈ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

വായന 2 നിയമന ശുപാർശ പ്രകാരം 08.09.2017 ൽ ഈ വകുപ്പിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ ഹരീഷ് എ എന്ന ജീവനക്കാരൻ തനിക്ക് 22.12.2012 മുതൽ മുൻകാല പ്രാബല്യത്തോടെ സീനിയോറിറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA No. 1409/2016 ഹർജി സംബന്ധിച്ച് ബഹു: ട്രൈബ്യൂണൽ 12.02.2020 ൽ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന് ടിയാന് 22.12.2012 തീയതി മുതൽ പ്രാബല്യത്തിൽ "earliest effective advice" നല്കുവാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും അത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ വായന 4 കത്ത് പ്രകാരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിന് കീഴിൽ 01.01.2012 മുതൽ 31.12.2013 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഇലക്ട്രിക്കൽ ട്രേഡിൽ ക്രമനമ്പർ 21 ൽ പേര് ചേർക്കപ്പെട്ടിരിക്കുന്ന ശ്രീ ഹെംജിത്ത് ടി ജെ യുടെയും 22 ൽ പേര് ചേർക്കപ്പെട്ടിരിക്കുന്ന ശ്രീ ബൈജു യു വി യുടെയും മദ്ധ്യത്തിലായി ക്രമനമ്പർ 21 (A) ആയി ശ്രീ ഹരീഷ് എ യുടെ പേര് ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ ഹരീഷ് എ യുടെ സ്ഥാനം ചുവടെ പറയുംപ്രകാരം ക്രമീകരിച്ചിരിക്കുന്നു.

Draft #1 of File EG3/32792/20/DTE Approved by Director (in-charge) on 28-Dec-2020 03:28 PM - Page 1

Final Gradation List of Tradesman advised by the PSC / appointed by "By transfer" / appointed through dying in harness during the period from 01.01.2012 to 31.12.2013 published as per Circular No. EG3/26914/14/DTE dated 23.09.2014

Addendum

Trade : Electrical

| Sl. No. | Name | Date of Birth | Qualification | Date of Advice | Date of Joining | Date of declaration of probation | Remarks |
|---|---|---|---|---|---|---|---|
| 21 (A) | Hareesh A | 02/02/1982 | | 22/12/2012 | 08/09/2017 | | 1) Advised as per Advice No. MR II (2) 6196/02 dated 19.08.2017 of the KPSC, Malappuram<br>2) Later advised with the "benefit of earliest effective" advice from 22.12.2012 as per Letter No. MR II (2) 6196/02 dated 22.10.2020 of the KPSC, Malappuram.<br>3) Left department on 22.10.2019. |

മേൽപ്പറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

ഒപ്പ്/-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്